വനിത ശിശുവികസന
ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :12/04/2022
Email -
icdsasection@gmail.com
Phone - 0471 - 2346534

വനിത ശിശുവികസന ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ് - സൈക്കോ സോഷ്യൽ സ്കൂൾ കൌൺസിലർമാരുടെ കരാർ പുതുക്കുന്നത്- സംബന്ധിച്ച്.

സൂചന :- 1. പാലക്കാട് ജില്ല വ.ശി.വി ഓഫീസർ സമർപ്പിച്ച 23.03.2022, 31.03.2022 തീയതികളിലെ DWCDO/PLKD/33/2021 നം. കത്ത്
2. ഇടുക്കി ജി.വ.ശി.വി.ഓഫീസർ സമർപ്പിച്ച 31.03.2022 തീയതിലെ WCDO/IDK/A2/1099/2021 നം. കത്ത്.

31.03.2022 ന കരാർ അവസാനിക്കുന്നതും, ജില്ലകളിൽ നിന്നും ശുപാർശ ചെയ്ത ലഭിച്ചതുമായ 827 സൈക്കോസോഷ്യൽ സ്കൂൾ കൌൺസിലർമാരുടെ കരാർ പുതുക്കുന്നതിനായി സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ നിന്നും യഥാക്രമം 27, 16 (ആകെ 43 )സ്കൂൾ കൌൺസിലർമാരുടെ കരാർ കൂടി 02.04.2022 പ്രാബല്യത്തിൽ പുതുക്കുന്നതിനായി ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഏതെങ്കിലും ജില്ലയിൽ നിലവിൽ കരാർ പുതുക്കുന്നതിനായി ലഭ്യമാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടവരെ കൂടാതെ ഇനിയും കരാർ കാലാവധി അവസാനിച്ചതും രണ്ടു വർഷത്തിലധികം സേവന ദൈർഘ്യം ഉള്ളവരുമായ സ്കൂൾ കൌൺസിലർമാർ നിലവിൽ ദിവസവേതനത്തിൽ സേവനം അനുഷ്ഠിക്കുന്നുണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ കൂടി മിനിട്സ്, ശുപാർശ എന്നിവ സഹിതം ടി കത്ത് ലഭിച്ച മൂന്നു ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാൻ നിർദേശിക്കുന്നു.

കൂടാതെ നിലവിൽ കരാർ പുതുക്കുന്നതിനായി സർക്കാരിനു സമർപ്പിച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടവരെ കരാർ പുതുക്കി ലഭ്യമാകുന്നത് വരെ ദിവസ വേതനത്തിൽ തുടരുന്നതിനും, കരാർ ഉത്തരവായി വരുന്ന മുറയ്ക്ക് ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള പ്രാബല്യതീയതി മുതൽ കരാറിൽ ഏർപ്പെടുന്നതിനും നിർദേശം നൽകാവുന്നതാണ്. അപ്രകാരം ദിവസ വേതനത്തിൽ തുടരുന്ന കാലയളവിൽ ജീവനക്കാർക്ക് ജോലിയ്ക്ക് ഹാജരാകുന്ന ദിവസങ്ങളിലെ വേതനം മാത്രമേ അനുവദിക്കുവാൻ പാടുള്ളൂവെന്നും , കൂടാതെ ദിവസവേതന കാലയളവിൽ ഹാജരാകാത്ത ദിവസങ്ങളിലെ അവധി കരാറിൽ ഏർപ്പെടുന്നമുറയ്ക്ക് അനുവദനീയമായ അവധികളിൽ ഉൾപ്പെടുത്തേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശുവികസന ഡയറക്ടർ